(സി) വീയപുരം പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിൽ നിന്നും സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ആവശ്യത്തിലേക്ക് വീയപുരം ഫോറസ്റ്റ് ഡിപ്പോവക സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) കുട്ടനാട്ടിലെ കൈനടിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) & (ഡി) ഇപ്പോൾ പരിഗണനയിലില്ല.

അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

61 [3757] *ശ്രീ. പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയും എം. സി. റോഡും തമ്മിൽ സന്ധിക്കുന്നതും, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ തൊട്ടടുത്ത ടൗണുമായ അങ്കമാലിയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നേയ്ക്ക് നടപ്പിലാക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഇക്കാര്യത്തിൽ പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കുരിയാർകുറ്റി-കാരാപ്പാറ കേസ്

62 [3759] *ശ്രീ. ടി. എം. ജേക്കബ്:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരിയാർകുറ്റി-കാരാപ്പാറ കേസിന്റെ ആദ്യത്തെ എഫ്. ഐ. ആർ. എന്നാണ് വിജിലൻസ് കോടതിയിൽ സമർപ്പിച്ചത്;

(ബി) ഇതിലെ പ്രതികൾ ആരെല്ലാമായിരുന്നു;

(സി) രണ്ടാമത് എഫ്. ഐ. ആർ. സമർപ്പിച്ചിരുന്നുവോ; എങ്കിൽ എന്നാണ്;

(ഡി) 2001-ൽ അധികാരത്തിൽ വന്ന സർക്കാർ ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ചിരുന്നോ;

(ഇ) ഇത് സംബന്ധമായി ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കുതിയാർകുറ്റി-കാരാപ്പാറ കേസിന്റെ ആദ്യ ഇൻവെസ്റ്റിഗേഷൻ നടത്തിയ ഡിവൈ. എസ്. പി. ദിനേശനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീണ്ടും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പ്രസ്തുത കേസുമായി ബന്ധപ്പെട്ട് മറ്റ് എന്തെങ്കിലും ചുമതല എൽപ്പിക്കുന്നതിനോ തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളാണ്;

(ജി) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ഉത്തരം

(എ) എഫ്. ഐ. ആർ. 3-1-1997-ലാണ് കോടതിയിൽ സമർപ്പിച്ചത്.

(ബി) 1. ശ്രീ. വി. പി. ആറുമുഖൻ,
മുൻ ചീഫ് എഞ്ചിനീയർ

2. ശ്രീമതി എം. ലീലാമണി അമ്മ,
മുൻ ചീഫ് എഞ്ചിനീയർ

3. ശ്രീ. എം. ബാലകൃഷ്ണൻ,
സൂപ്രണ്ടിംഗ് എഞ്ചിനീയർ

4. ശ്രീ. എം. എൻ. രാഘവൻ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

5. ശ്രീ. പി. കെ. രാമൻ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

6. ശ്രീ. ആർ. ജയപാലൻ നായർ,
അസിസ്റ്റന്റ് എഞ്ചിനീയർ

7. ശ്രീ. ടി. ബി.. കുഞ്ഞുമാഹിൻഹാജി,
കോൺട്രാക്ടർ

അന്വേഷണം പൂർത്തിയായപ്പോൾ താഴെ പറയുന്ന ആളുകളെക്കൂടി പ്രതിസ്ഥാനത്തു ചേർത്തുകൊണ്ട് കോടതിയിൽ റിപ്പോർട്ട് ഫയൽ ചെയ്തിട്ടുണ്ട്.

1. ശ്രീ. എൻ. വി. മാധവൻ,
മുൻ ഇറിഗേഷൻ വകുപ്പ് സെക്രട്ടറി

2. ശ്രീ. ടി. എം. ജേക്കബ്,
മുൻ ഇറിഗേഷൻ വകുപ്പുമന്ത്രി

3. ശ്രീ. മുഹമ്മദ് ഷെറീഫ്,
കോൺട്രാക്ടർ

4. ശ്രീ. എം. ജി. രാമനാഥൻ, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

6. ശ്രീ. പി. നാരായണൻ നമ്പീശൻ,
മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(സി) രണ്ടാമത് എഫ്. ഐ. ആർ. സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോടതിയുടെ അനുമതിയോടുകൂടി ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്താൻ സർക്കാർ ഉത്തരവ് നൽകിയിരുന്നു.

(ഇ) ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തുവാനുള്ള അനുവാദം കോഴിക്കോട് വിജിലൻസ് കോടതി നിരസിച്ചതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ മിസലേനിയസ് കേസിൽ (8745/2001) കോഴിക്കോട് വിജിലൻസ് കോടതിയുടെ ഉത്തരവ് ദർ ചെയ്യുകയും ഫർതർ ഇൻവെസ്റ്റിഗേഷൻ അനുവദിക്കുകയും ചെയ്തു.

(എഫ്) ഈ കേസിൽ കോടതിയിൽ സമർപ്പിക്കേണ്ട അഡീഷണൽ റിപ്പോർട്ട് തയ്യാറാക്കുവാൻ മുൻ അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ. എം. പി. ദിനേശ് ഡിവൈ. എസ്. പി. യുടെ സേവനം ഒരാഴ്ചക്കാലത്തേക്ക് ലഭിക്കുന്നതിനുവേണ്ടി വിജിലൻസ് ഡയറക്ടർ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിരുന്നു.

(ജി) രണ്ട് ഭാഗങ്ങളായാണ് അന്വേഷണം നടത്തുന്നത്. ഒന്നാം ഭാഗത്തിലെ ഫർതർ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. രണ്ടാം ഭാഗത്തിലെ അന്വേഷണം പൂർത്തിയായിട്ടില്ല.

ജി. സി. ഡി. എ. ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

63 [3760] *ശ്രീ. പി. ടി. തോമസ്:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. സി. ഡി. എ. യിൽ ഉദ്യോഗം വഹിച്ചിരുന്നവരോ ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവരോ ആയ ആരുടെയെല്ലാം പേരിലാണ് ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുവരുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ;

(സി) വിജിലൻസ് അന്വേഷണത്തിനാധാരമായ വസ്തുതകൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ജി.സി.ഡി.എ.-യിൽ സെക്രട്ടറിയായി ഉദ്യോഗം വഹിച്ചിരുന്ന ശ്രീ. പി. എം. മുഹമ്മദ് അലി, ഇപ്പോഴത്തെ സെക്രട്ടറി ശ്രീ. സത്യരാജൻ എന്നിവർക്കെതിരെ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു. കൂടാതെ ജി.സി.ഡി.എ.-യുടെ മുൻ സെക്രട്ടറി ശ്രീ. പി. എം. മുഹമ്മദ് അലിക്കെതിരെ മറ്റൊരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(ബി) മേൽപ്പറഞ്ഞ രണ്ട് അന്വേഷണങ്ങളും പൂർത്തിയായിട്ടില്ല.

(സി) ജി.സി.ഡി.എ.-യുടെ വക സ്ഥലം 'എക്സൽ പ്രോപ്പർട്ടീസിന്' വിറ്റതിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നു എന്നുള്ളതാണ് ശ്രീ. പി. എം. മുഹമ്മദ് അലിക്കും ശ്രീ. സത്യരാജനും എതിരെയുള്ള അന്വേഷണത്തിന് ആധാരമായ

LIBRARY ARCHIVES Kerala Legislative Assembly